# ഗണിതം

## ഭാഗം – 2

## സ്റ്റാൻഡേർഡ്
## III

കേരളസർക്കാർ
**പൊതുവിദ്യാഭ്യാസവകുപ്പ്**

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

**2024**

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

ഗണിതം

3

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2024
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

കളിച്ചും ചിത്രം വരച്ചും നിറം നൽകിയും ഗണിതത്തിൽ
കുറെ കാര്യങ്ങൾ നാം മനസ്സിലാക്കിയല്ലോ.
എണ്ണാനും കണക്കുകൂട്ടാനും രൂപങ്ങൾ തിരിച്ചറിയാനും
എല്ലാം നമുക്കറിയാം.
ഇനിയുമുണ്ട് ഒരുപാട് കാര്യങ്ങൾ കണ്ടെത്താൻ.
കൂടുതൽ വലിയ സംഖ്യകൾ, അവയുടെ ക്രിയകൾ,
സംഖ്യാബന്ധങ്ങൾ കണ്ടെത്തൽ, പ്രശ്നം പരിഹരിക്കൽ,
പട്ടിക അപഗ്രഥിക്കൽ അങ്ങനെ കുറെ കാര്യങ്ങൾ.
വ്യത്യസ്തമായി ചിന്തിച്ച്, പല വഴികൾ അന്വേഷിച്ച്,
യുക്തിപൂർവ്വം സമർഥിച്ച്, കണ്ടെത്തലുകൾ പങ്കുവെച്ച്
നമുക്ക് മുന്നോട്ടു പോകാം...

സ്നേഹാശംസകളോടെ,

**ഡോ. ജയപ്രകാശ് ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം

# പാഠപുസ്തകരചനാസമിതി

**അഡ്വൈസർ**

**ഡോ. ഈ. കൃഷ്ണൻ,**
ഗണിതവിഭാഗം മേധാവി (റിട്ട.),
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

**ചെയർപേഴ്സൺ**

**ഡോ. ഗോകുലദാസൻ പിള്ള സി.**
കരിക്കുലം ഹെഡ് (റിട്ട.), എസ്.സി.ഇ.ആർ.ടി

**വിദഗ്ധർ**

**ഡോ. എം. ഷഹീദലി**
സീനിയർ ലക്ചറർ,
ഡയറ്റ്, പാലക്കാട്

**ഡോ. രാജേഷ് കെ.പി.**
സീനിയർ ലക്ചറർ, ഡയറ്റ്, കണ്ണൂർ

**അംഗങ്ങൾ**

**സ്വാമിനാഥൻ കെ.**
പ്രഥമാധ്യാപകൻ (റിട്ട.),
ഗവ. എൽ.പി.സ്കൂൾ, പാലോട്,
തിരുവനന്തപുരം

**ബിജു ടി.**
പ്രഥമാധ്യാപകൻ,
ഗവ. എസ്.എം.വി.എൽ.പി.എസ്.
തേവലക്കര, കൊല്ലം

**സജീവൻ സി.വി.**
എ.എൽ.പി.സ്കൂൾ
കാരിയിൽ, ചെറുവത്തൂർ,
കാസറഗോഡ്

**ശ്രീവിശാഖൻ**
പ്രഥമാധ്യാപകൻ (റിട്ട.),
ജി.എൽ.പി. സ്കൂൾ
ചെറുകുളത്തൂർ, കോഴിക്കോട്

**ബീനാസ്റ്റീഫൻ**
എസ്.പി.ടി.പി.എം.
ഗവ. യു.പി.എസ്.
കുറവൻകോണം, തിരുവനന്തപുരം

**ഐശ്വര്യ സോമൻ**
എസ്.എം.എസ്.ജി.യു.
പി.എസ്.
ചന്ദനക്കുന്ന്, പത്തനംതിട്ട

**ജിജി വർഗീസ് പി.**
ട്രെയിനർ, ബി.ആർ.സി.
എടപ്പാൾ

**സുജിത്ത് കെ.ആർ.**
യു.പി.എസ്.ടി, മേപ്പയിൽ ഈസ്റ്റ്
എസ്.ബി. സ്കൂൾ വടകര,
കോഴിക്കോട്

**ഷാജി മാത്യു**
പത്തനംതിട്ട

**അനൂപ് കെ.പി.**
എച്ച്.എസ്.ടി., ഡ്രോയിങ്
പി.എം.എസ്.എ.പി.ടി.എച്ച്.
എസ്.എസ്., കക്കോവ്,
വാഴയൂർ, മലപ്പുറം

**ധനേശൻ എം. വി.**
എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ്,
ജി.എഫ്.എച്ച്.എസ്.എസ്.
പടന്നക്കടപ്പുറം, കാസറഗോഡ്

---

**അക്കാദമിക് കോഡിനേറ്റർ**

**ഡോ. അഭിലാഷ് ബാബു പി.**
**റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.**

---


സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


07 കുറയ്ക്കണോ കൂട്ടണോ 95

08 ടിക്... ടിക്... ടിക്... 113

09 വീണ്ടും വീണ്ടും കൂട്ടുമ്പോൾ 127

10 പങ്കുവയ്ക്കാം 145

11 കുപ്പിയിലെത്ര ? സഞ്ചിയിലെത്ര ? 159

12 ഒറ്റനോട്ടത്തിൽ 173




ഈ പുസ്തകത്തിൽ സൗകര്യത്തിനായി
ചുവടെ ചേർത്തിരിക്കുന്ന
ചിഹ്നം ഉപയോഗിച്ചിരിക്കുന്നു.

 കണക്ക് ചെയ്തുനോക്കാം.

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 7

# കുറയ്ക്കണോ കൂട്ടണോ



## മുത്തുകളിടാം




'മുത്തുകളിടാം' കളി കളിച്ചില്ലേ ?

പട്ടിക പൂർത്തിയാക്കാം:

| നമ്പർ | കൈവശമുള്ള മുത്തുകളുടെ എണ്ണം | 100 ആകാൻ വേണ്ട മുത്തുകളുടെ എണ്ണം |
|---|---|---|
| 1 | 90 | |
| 2 | 75 | |
| 3 | | 20 |
| 4 | 50 | |
| 5 | | 1 |
| 6 | | 12 |
| 7 | 33 | |

ഞാൻ കണക്കാക്കിയ രീതി:

## മുത്തുമാറ്റാം

'മുത്തുകളിടാം' കളിക്കായി ഓരോ കുട്ടിയും 100 മുത്ത് വീതം കൊണ്ടു വന്നു. 10 കുട്ടികൾ കൊണ്ടുവന്ന മുത്ത് ഒരു പാത്രത്തിലിട്ടു.

പാത്രത്തിൽ ആകെ എത്ര മുത്ത്? ______

ടീച്ചർ പാത്രത്തിൽ നിന്ന് ഒരു മുത്ത് എടുത്തുമാറ്റി.

ഇപ്പോൾ പാത്രത്തിലെ മുത്തുകൾ ? ______

എങ്ങനെ കണക്കാക്കി ?




999 മുത്തിൽ നിന്ന് ഓരോ ഗ്രൂപ്പിനും 111 വീതം നൽകി. ഓരോ പ്രാവശ്യവും ബാക്കി വന്ന എണ്ണം എഴുതൂ.

| | | | | |
|---|---|---|---|---|
| 999 | – | 111 | = | 888 |
| 888 | – | 111 | = | -------- |
| -------- | – | 111 | = | -------- |
| -------- | – | -------- | = | -------- |
| -------- | – | -------- | = | -------- |
| -------- | – | -------- | = | -------- |
| -------- | – | -------- | = | -------- |
| -------- | – | -------- | = | -------- |
| -------- | – | -------- | = | 0 |

എത്ര ഗ്രൂപ്പിനാണ് മുത്ത് കിട്ടിയത് ? ______



## സ്ഥാനം മാറുമ്പോൾ




അബാക്കസിലെ സംഖ്യ എഴുതൂ...

ഈ സംഖ്യ 231 ആക്കാൻ ഏതൊക്കെ മുത്തുകൾ മാറ്റണം ?

എടുത്തുമാറ്റിയ മുത്തുകൾ ഈ അബാക്കസിൽ വയ്ക്കൂ...




കിട്ടിയ സംഖ്യ എഴുതൂ...

## അബാക്കസിലെ സംഖ്യ




അബാക്കസിലെ സംഖ്യ എന്താണ് ? [ ]

- നൂറിന്റെ സ്ഥാനത്ത് നിന്ന് ഒരു മുത്ത് മാറ്റിയാൽ കിട്ടുന്ന സംഖ്യ എന്താണ്? [ ]
- ഇനി പത്തിന്റെ സ്ഥാനത്ത് നിന്ന് രണ്ട് മുത്ത് കൂടി മാറ്റൂ... കിട്ടുന്ന സംഖ്യ എന്താണ്? [ ]
- ഒന്നിന്റെ സ്ഥാനത്ത് നിന്ന് നാല് മുത്ത് കൂടി മാറ്റിയാലോ. കിട്ടുന്ന സംഖ്യ എന്താണ്? [ ]

ഇപ്പോൾ അബാക്കസിൽ മുത്തുകൾ എങ്ങനെയാണ് ?

മുത്ത് വരയ്ക്കൂ...







ഒന്നിന്റെ സ്ഥാനത്തുള്ള ഒരു മുത്തെടുത്ത് പത്തിന്റെ സ്ഥാനത്തിടൂ...

സംഖ്യ എന്താണ്? [ ]

ചെയ്ത കാര്യം ഇങ്ങനെ എഴുതാം.

| | |
|---|---|
| ആദ്യസംഖ്യ | 300 + 40 + 7 = 347 |
| വ്യത്യാസം വരുത്തിയ സംഖ്യ | 100 + 20 + 4 = 124 |
| കിട്ടിയ സംഖ്യ | 200 + 20 + 3 = 223 |

347 – 100 = 247
247 – 20 = 227
227 – 4 = 223




| നൂറ് | പത്ത് | ഒന്ന് |
|---|---|---|
| 3 | 4 | 7 |
| 1 | 2 | 4 |
| 2 | 2 | 3 |

## ബാക്കിയെത്ര ?

ടീച്ചറുടെ കൈയിൽ 578 രൂപയുണ്ട്. അബാക്കസ് നിർമ്മിക്കാൻ സ്കൂൾ സൊസൈറ്റിയിൽ നിന്ന് മുത്ത് വാങ്ങി.

4 നൂറു രൂപയും 6 പത്തു രൂപയും 5 ഒരു രൂപയും കൊടുത്തു. ടീച്ചറുടെ കൈയിൽ ബാക്കി എത്ര രൂപയുണ്ട് ?

ടീച്ചർ കൊടുത്ത രൂപ ☐ ബാക്കി രൂപ ☐







## അബാക്കസ് വാങ്ങാൻ

സ്കൂൾ സൊസൈറ്റിയിൽ നിന്നും ഇഷ 125 രൂപ വിലയുള്ള അബാക്കസ് വാങ്ങി. 150 രൂപ കൊടുത്തു. ഏതൊക്കെ നോട്ടുകളാണ് കൊടുത്തത് ?

☐

സൊസൈറ്റിയിൽ നിന്നും എത്ര രൂപ ബാക്കി കൊടുത്തു ? ☐

എങ്ങനെയാണ് കണക്കാക്കിയത് ? ☐

രീതി (1)

125 + 5 = 130 (ആദ്യം 5 രൂപ കൊടുത്തു)

130 + 20 = 150 (പിന്നീട് 20 രൂപ കൊടുത്തു)

5 + 20 = 25 (ആകെ 25 രൂപ കൊടുത്തു)

രീതി (2)

150 – 125
150 – 1 = 149

149 – 125 = 24
24 + 1 = 25

രീതി (3)

150 – 125
150 – 1 = 149

125 – 1 = 124
149 – 124 = 25

രീതി (4)

| സംഖ്യ | നൂറ് | പത്ത് | ഒന്ന് |
|---|---|---|---|
| 150 | 1 | 4 | 10 |
| 125 | 1 | 2 | 5 |
| | | 2 | 5 |

## എടുത്തു മാറ്റാം

ചിത്രങ്ങൾ നോക്കൂ.



ഇതിൽ എത്ര നൂറ് ഉണ്ട്? എത്ര പത്ത്? എത്ര ഒന്ന്?

സംഖ്യ എന്താണ്?

ഇവയിൽ നിന്നും 212 ചതുരം എടുത്തുമാറ്റി.

ബാക്കിവന്നത്:

എത്ര നൂറ്? എത്ര പത്ത്?

എത്ര ഒന്ന്? സംഖ്യ എന്താണ്?

332 - 212 =

ഇതുപോലെ 338 ൽ നിന്ന് 116 കുറയ്ക്കാമോ?

എങ്ങനെ കണക്കാക്കി ? കണക്കാക്കിയ രീതി എഴുതൂ.

## ഇനി ആര്?







## കുറയ്ക്കണോ കൂട്ടണോ ?

സ്കൂൾ സൊസൈറ്റിയിൽ രണ്ട് ദിവസങ്ങളിലായി 642 രൂപ കിട്ടി. ഒന്നാം ദിവസം കിട്ടിയത് 253 രൂപ. രണ്ടാം ദിവസം എത്ര രൂപ കിട്ടി ? എങ്ങനെയൊക്കെ കണക്കാക്കാം ?

**രീതി** (1)




7 + 40 + 300 + 42 = 389

**രീതി** (2)

253 + 47 = 300

300 + 342 = 642

342 + 47 = 389

**രീതി** (3)

| സംഖ്യ | നൂറ് | പത്ത് | ഒന്ന് |
|---|---|---|---|
| 642 | 5 | 13 | 12 |
| 253 | 2 | 5 | 3 |
| | 3 | 8 | 9 |

## വിലയെത്ര ?

സുഷയുടെ കൈയിൽ 572 രൂപ ഉണ്ടായിരുന്നു.
മുത്തും അബാക്കസും വാങ്ങിയ ശേഷം 394 രൂപ ബാക്കിയുണ്ട്.
മുത്തിനും അബാക്കസിനും കൂടി എന്തു വിലയായി ?

ചോദ്യം വായിച്ചപ്പോൾ എനിക്ക് മനസ്സിലായത്:

ഉത്തരം കണക്കാക്കാൻ ചെയ്യേണ്ട കാര്യങ്ങൾ:

ഞാൻ ചെയ്ത രീതി:

കിട്ടിയ ഉത്തരം.

കൂട്ടുകാരുടെ രീതി:

## വ്യത്യാസമെത്ര ?

ഇഷയും സുഷയും അബാക്കസ് കളിക്കുകയാണ്.




| | അബാക്കസിലെ സംഖ്യ |
|---|---|
| ഇഷ | |
| സുഷ | |

ആരാണ് വലിയ സംഖ്യ ഉണ്ടാക്കിയത് ?

സംഖ്യകളുടെ വ്യത്യാസം എത്രയാണ് ?









അബാക്കസ് നോക്കൂ.

മുത്തുകളുടെ എണ്ണത്തിലെ മാറ്റം എന്താണ് ?

നൂറ് : 1 കുറഞ്ഞു.

പത്ത് : മാറ്റമില്ല.

ഒന്ന് : 1 കൂടി.

948 എന്ന സംഖ്യ 849 ആയപ്പോൾ ഉള്ള വ്യത്യാസം എന്താണ് ?

അവർ കണ്ടുപിടിച്ച മറ്റ് സംഖ്യാജോടികൾ നോക്കൂ...

അവ തമ്മിലുള്ള വ്യത്യാസം കണക്കാക്കാമോ ?

| 635, 536 | 423, 324 | 746, 647 |
|---|---|---|
| ......... | ......... | ......... |

ഉത്തരങ്ങൾ നോക്കൂ.

എന്താണ് കണ്ടുപിടിച്ചത് ?

സംഖ്യകൾ ഇങ്ങനെ ആയാലോ ? വ്യത്യാസം എത്രയാണ് ?

| 896, 698 | 634, 436 |
|---|---|
| ......... | ......... |

എന്താണ് കണ്ടുപിടിച്ചത് ?

## വലിയ സംഖ്യയും ചെറിയ സംഖ്യയും

- തുടർച്ചയായ 3 അക്കങ്ങൾ എഴുതുക.
- ഇവ എല്ലാം ഉപയോഗിച്ച് അക്കങ്ങൾ ആവർത്തിക്കാതെ ഏറ്റവും വലിയ സംഖ്യയും ഏറ്റവും ചെറിയ സംഖ്യയും എഴുതുക.
- അവയുടെ വ്യത്യാസം കണക്കാക്കുക.

| അക്കങ്ങൾ | വലിയ സംഖ്യ | ചെറിയ സംഖ്യ | വ്യത്യാസം |
|---|---|---|---|
| 1, 2, 3 | 321 | 123 | |
| 2, 3, 4 | | | |
| 3, ......., ....... | | | |
| ......., ......., 6 | | | |
| ......., ......., ....... | | | |
| 6, ......., ....... | | | |

വ്യത്യാസം നോക്കൂ.

എന്താണ് കണ്ടുപിടിച്ചത്?

## മുത്ത് മാറ്റിയാൽ




അബാക്കസിലെ സംഖ്യ എന്താണ്?

ഈ അബാക്കസിലെ നൂറിന്റെ സ്ഥാനത്തെ ഒരു മുത്തെടുത്ത് പത്തിന്റെ സ്ഥാനത്ത് ഇടൂ.

കിട്ടുന്ന സംഖ്യ എന്താണ്?



രണ്ടു സംഖ്യകളും തമ്മിലുള്ള വ്യത്യാസമെത്രയാണ്?

കണക്കാക്കിയ രീതി എഴുതൂ.

## വിനോദയാത്ര

ഇഷയും കുടുംബവും വിനോദയാത്രയ്ക്കുള്ള തയ്യാറെടുപ്പിലാണ്. അവർ ബാഗ് വാങ്ങാൻ കടയിലെത്തി.



നീലബാഗിന്റെ വില

ചുവപ്പ്ബാഗിന്റെ വില

നീല ബാഗിനേക്കാൾ ചുവപ്പ് ബാഗിന്റെ വില എത്ര കൂടുതലാണ്?

ഞാൻ കണക്കാക്കിയ രീതി:

കൂട്ടുകാരുടെ രീതി:

## മടകരയിലേക്ക്...




അടുത്ത ദിവസം യാത്ര തുടങ്ങി. കാറിലാണ് യാത്ര. യാത്ര തുടങ്ങിയപ്പോൾ മീറ്ററിലെ സംഖ്യ ഇഷ എഴുതി വച്ചു. അവസാന മൂന്നക്കമാണ് എഴുതിയത്.

ഇഷ എഴുതിയത് **568**




19 കിലോമീറ്റർ സഞ്ചരിച്ചു കഴിഞ്ഞപ്പോൾ ദൂരം സൂചിപ്പിക്കുന്ന ബോർഡ് കണ്ടു.

ഇഷയുടെ വീട്ടിൽ നിന്നും മടകരയ്ക്ക് എത്ര ദൂരം ഉണ്ട് ?




വീണ്ടും സഞ്ചരിച്ചപ്പോൾ മറ്റൊരു ബോർഡും കണ്ടു.

അവർ എത്ര ദൂരം സഞ്ചരിച്ചു ?

മടകരയിലെത്തിയപ്പോൾ മീറ്ററിലെ അവസാന മൂന്നക്കങ്ങൾ എഴുതൂ.

ചോദ്യം വായിച്ചപ്പോൾ എനിക്ക് മനസ്സിലായത്:

ഞാൻ കണക്കാക്കിയ രീതി:

ഉച്ചഭക്ഷണം കഴിക്കാൻ ഹോട്ടലിൽ കയറി. അമ്മയാണ് പണം കൊടുത്തത്. 578 രൂപയായി. നേരത്തെ ചായ കുടിച്ചപ്പോഴും അമ്മ 175 രൂപ കൊടുത്തിരുന്നു. അമ്മയുടെ കൈയിൽ 968 രൂപ ഉണ്ടായിരുന്നു. ഇപ്പോൾ ബാക്കി എത്ര രൂപയുണ്ട് ?

ഞാൻ കണക്കാക്കിയ രീതി:

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

### 1. അബാക്കസ് വരയ്ക്കാം




ഈ അബാക്കസിൽ നിന്ന് എത്ര മുത്തുകൾ എടുത്തുമാറ്റിയാൽ സംഖ്യ 101 ആകും ?

നൂറ് [ ]

പത്ത് [ ]

ഒന്ന് [ ]

101 എന്ന സംഖ്യ അബാക്കസിൽ വരയ്ക്കുക.

## 2. തേനീച്ചക്കൂട്



റാണിത്തേനീച്ചയുടെ കൂട് കണ്ടെത്താൻ സഹായിക്കാമോ ?







**കൂട് കണ്ടെത്താൻ**

- പൂവിലെ ഓരോ സംഖ്യയിൽ നിന്നും തേനീച്ചയിലെ ഓരോ സംഖ്യയും കുറയ്ക്കുക.
- കിട്ടിയ ഉത്തരങ്ങളെ കൂടിന്റെ നമ്പറായി വലുതിൽ നിന്ന് ചെറുതിലേക്ക് ക്രമമായി എഴുതുക.

  കൂട് കണ്ടുപിടിച്ച് നിറം കൊടുക്കൂ...

**റാണി തേനീച്ചയുടെ കൂട്**
- അക്കങ്ങളുടെ തുക 10
- ഒരക്കം ആവർത്തിക്കുന്നു.



## 3. കുറയ്ക്കാൻ കൂട്ടാം

| | | | |
|---|---|---|---|
| | 500 | | |
| 400 | 300 | | 900 |
| | | | |
| | 900 | | |

| | | | |
|---|---|---|---|
| | 325 | | |
| 245 | | | 750 |
| | 250 | | |
| | 750 | | |

| | | | |
|---|---|---|---|
| | 314 | | |
| 128 | | | 869 |
| | 208 | | |
| | 869 | | |

| | | | |
|---|---|---|---|
| | 435 | | |
| | | 178 | 961 |
| | 210 | | |
| | 961 | | |

## 4. കണക്കാക്കാം കളം നിറയ്ക്കാം

| | | |
|---|---|---|
| 1 | 2 | 3 |
| 4 | 5 | 6 |
| 7 | 8 | 9 |

1. 300 ൽ നിന്നും 4 കുറച്ചത്.
2. 200 നോട് 12 കൂട്ടിയത്.
3. 136 + 136
4. 500 ൽ നിന്നും 264 കുറച്ചത്.
5. 100 + 160
6. 400 – 116
7. 399 – 151
8. 300 നോട് 8 കൂട്ടിയത്.
9. 524 – 300

**കളം നിറച്ചല്ലോ**

- ആദ്യ വരിയിലെ മൂന്ന് സംഖ്യയും കൂട്ടിനോക്കൂ.
- രണ്ടാം വരിയിലെ മൂന്ന് സംഖ്യയും കൂട്ടിനോക്കൂ.
- ആദ്യ നിരയിലെ മൂന്ന് സംഖ്യ കൂട്ടിയാലോ ?
- ഉത്തരങ്ങൾക്ക് എന്തെങ്കിലും പ്രത്യേകത ഉണ്ടോ ?
- മറ്റ് വരിയും നിരയും പരിശോധിക്കൂ.
- എല്ലാ തുകകളും ഒരേ സംഖ്യയാണോ ?
- ഇതുപോലെയുള്ള കളങ്ങൾ ഉണ്ടാക്കാമോ ?

# 8

# ടിക്... ടിക്... ടിക്...



## സർക്കസ് കൂടാരത്തിലേക്ക്




സർക്കസ് കൂടാരം കണ്ടില്ലേ ? പ്രദർശന സമയം നോക്കൂ...

- അവധി അല്ലാത്ത ദിവസങ്ങളിൽ ആദ്യ പ്രദർശനം തുടങ്ങുന്നത് എത്ര മണിക്കാണ് ?
- അവധി ദിവസത്തെ പ്രത്യേക പ്രദർശനം ഏതെല്ലാം സമയത്താണ് ?
- അവധി ദിവസം എത്ര പ്രദർശനമുണ്ട് ?
- അവധി ദിവസത്തെ പ്രദർശന സമയം ക്രമത്തിൽ എഴുതൂ...

## സമയം നോക്കി അഭിനയിക്കാം

ഓരോ ദിവസവും നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാം ? അത് ഏതെല്ലാം സമയങ്ങളിലാണ് ചെയ്യുന്നത് ?

- രാവിലെ ഉണരുന്നു ☐
- പല്ല് തേക്കുന്നു ☐
- ☐
- സ്കൂളിൽ പോകുന്നു ☐
- ☐
- ☐
- ☐
- രാത്രി ഉറങ്ങുന്നു ☐

താഴെ തന്നിട്ടുള്ള സമയങ്ങളിൽ നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ അഭിനയിച്ച് കാണിക്കൂ...

- രാവിലെ 6 മണി
- ഉച്ചയ്ക്ക് 1 മണി
- രാവിലെ 7 മണി
- വൈകിട്ട് 4 മണി
- രാവിലെ 10 മണി
- രാത്രി 9 മണി

## സമയമെത്രയായി ?

തൻവിയുടെ ക്ലാസ് തുടങ്ങിയ സമയമാണ് ക്ലോക്കിൽ.

മിനിറ്റ് സൂചി 12 ലും മണിക്കൂർ സൂചി 10 ലും ആണ്.
സമയം 10 മണി.





## മുത്തശ്ശിയെ കാണാൻ




തൻവി നേരത്തേ ഉണർന്നു.

തൻവി ഉണർന്ന സമയം [ ]



## ആഹാരം കഴിക്കുമ്പോൾ

ഇപ്പോൾ സമയം എത്രയാണ്?




## പുറപ്പെടാം




തൻവി വീട്ടിൽ നിന്നും പുറപ്പെടുന്ന സമയം

## മുത്തശ്ശിയുടെ വീട്ടിൽ

തൻവി മുത്തശ്ശിയുടെ വീട്ടിൽ എത്തിയ സമയം നോക്കൂ...






സമയം എഴുതൂ...

.......... മണി .......... മിനിറ്റ്




ക്ലോക്കും സമയവും നോക്കി പൂരിപ്പിക്കുക.

1 2 3 4 5



| A | B | C | D | E |
|---|---|---|---|---|
| 3 മണി | 11 മണി | 7 മണി | 10 മണി | 5 മണി |

1 - C  2 -  3 -  4 -  5 - 

പട്ടിക പൂർത്തിയാക്കുക.

| | മണിക്കൂർ സൂചി | മിനിറ്റ് സൂചി | സമയം |
|---|---|---|---|
|  | 11 ന് നേരെ | 12 ന് നേരെ | 11 മണി |
|  | | | |
|  | | | |
|  | | | |

സമയം നോക്കി സൂചികൾ വരയ്ക്കൂ.

6 മണി



5:30



8 മണി



1:30



## പാർക്ക്



തൻവി ഇപ്പോൾ പാർക്കിലാണ്.
സമയം എത്രയായി?

....... മണി ....... മിനിറ്റ്



തൻവി പാർക്കിൽ നിന്നും ഇറങ്ങുന്ന സമയമാണ് ക്ലോക്കിൽ.



തൻവി പാർക്കിൽ നിന്നും മുത്തശ്ശിയുടെ വീട്ടിൽ തിരിച്ചെത്തിയ സമയം നോക്കൂ...



മണിക്കൂർ സൂചി 6 ൽ നിന്ന് 7 ന് അടുത്തേക്ക് എത്തിയിരിക്കുന്നു.
മിനിറ്റ് സൂചി 9 ലും.
സമയം എത്രയായി ?
6 മണി 45 മിനിറ്റ്.




സമയം നോക്കി സൂചികൾ വരച്ച് പട്ടിക പൂർത്തിയാക്കുക.

10:30



പത്തര

10:45



പത്തേമുക്കാൽ

11:15



പതിനൊന്നേകാൽ

11:45



....................................

12:15



....................................

12:30



....................................

## എന്റെ വിദ്യാലയം

അടുത്ത ദിവസം തൻവി സ്കൂളിലെത്തി

ഇപ്പോൾ സമയം ...................... .




ഈ സമയം ക്ലോക്കിൽ വരയ്ക്കൂ.




തൻവി സ്കൂളിൽ എത്തി അര മണിക്കൂർ കഴിഞ്ഞാണ് ക്ലാസ് തുടങ്ങിയത്.

ക്ലാസ് തുടങ്ങിയ സമയം .................... മണി

സമയം ഡിജിറ്റലായി കാണുന്നതുപോലെ എഴുതൂ...

ക്ലാസ് തുടങ്ങി 15 മിനിറ്റ് കഴിഞ്ഞുള്ള സമയം ക്ലോക്കിൽ വരയ്ക്കൂ.






## ആദിത്യ

തൻവി വായിച്ച വാർത്ത നോക്കൂ..




സൂര്യനെക്കുറിച്ച് പഠിക്കാൻ ഐ.എസ്.ആർ.ഒ. വിക്ഷേപിച്ച ബഹിരാകാശപേടകമാണ് ആദിത്യ L1

വിക്ഷേപണം 2023 സെപ്റ്റംബർ 2

ഈ ദിവസം കലണ്ടറിൽ അടയാളപ്പെടുത്തൂ...

- സെപ്റ്റംബർ 5 മുതൽ 23 വരെ എത്രദിവസം ?

## ഇന്നലെ... ഇന്ന്... നാളെ...

ഇന്നത്തെ തീയതി

ക്ലാസിലെ കലണ്ടറിൽ ഈ തീയതി അടയാളപ്പെടുത്തൂ.

ഏത് മാസമാണിത് ?

ഇന്ന് ആഴ്ചയിലെ ഏത് ദിവസമാണ്?

ഇന്നലെ ഏത് ദിവസമായിരുന്നു ?

നാളെ ഏത് ദിവസമാണ് ?

ഈ മാസം ഒന്നാം തീയതി ഏത് ദിവസമാണ് ?

ഈ മാസത്തെ അവസാന ദിവസം ഏതാണ് ?

## ജന്മദിനം

നിങ്ങളുടെ ജന്മദിനം ഈ വർഷത്തെ കലണ്ടറിൽ അടയാളപ്പെടുത്തൂ...

നിങ്ങളുടെയും കൂട്ടുകാരുടെയും ജന്മദിനങ്ങൾ കലണ്ടറിൽ നോക്കി ചാർട്ടിൽ എഴുതൂ...

ക്ലാസിൽ പ്രദർശിപ്പിക്കൂ...

## കലണ്ടർ നോക്കൂ... ഉത്തരം കണ്ടുപിടിക്കൂ.

- വർഷം ആരംഭിക്കുന്ന മാസം ഏതാണ് ?
- ഈ വർഷം ജനുവരി ഒന്ന് ഏത് ദിവസമാണ് ?
- ജനുവരി 31 ഏത് ദിവസമാണ് ?

## പൂർത്തിയാക്കൂ.

ഞായർ, തിങ്കൾ, ...................................., ....................................,

...................................., ...................................., ....................................,

- ഈ വർഷം ആഗസ്റ്റ് 15 ഏത് ദിവസമാണ് ?
- ദേശീയ ഗണിതശാസ്ത്ര ദിനം ഡിസംബർ 22 ആണ്. ഈ ദിവസം കലണ്ടറിൽ അടയാളപ്പെടുത്തൂ...
- മാസങ്ങളുടെ പേര് ക്രമത്തിൽ എഴുതൂ...

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

**1. ക്ലോക്കും സൂചിയും**

തന്നിരിക്കുന്ന സമയം നോക്കൂ... മണിക്കൂർ സൂചിയും മിനിറ്റ് സൂചിയും ക്ലോക്കിൽ വരയ്ക്കൂ...




1:00 മണി




9:45 മണി




2:30 മണി




9:15 മണി

**2. മാസങ്ങൾ**

ഓരോ മാസത്തിലെയും ദിവസങ്ങളുടെ എണ്ണം പരിശോധിച്ച് താഴെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതൂ...

- 30 ദിവസം മാത്രമുള്ള മാസങ്ങൾ ഏതെല്ലാം ?

- 31 ദിവസമുള്ള മാസങ്ങൾ ഏതെല്ലാം ?

## 3. കലണ്ടർ നോക്കാം

കലണ്ടർ നോക്കൂ...
ഉത്തരം എഴുതൂ...

| 2025 ജനുവരി | | | | | | |
|---|---|---|---|---|---|---|
| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
| ★ | ★ | ★ | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | ★ |

- തന്നിരിക്കുന്ന കലണ്ടർ ഏത് വർഷത്തെയാണ്?
- മാസം ഏതാണ്?
- ഈ മാസം എത്ര ദിവസം ഉണ്ട്?
- തൊട്ടുമുമ്പുള്ള മാസം ഏതാണ്?
- ആ മാസത്തെ അവസാനദിവസം ഏതാണ്?
- ഈ മാസത്തെ ആദ്യ ദിവസം ഏതാണ്?
- ഈ മാസത്തെ ഏതെല്ലാം തീയതിയിലാണ് 'ഞായറാഴ്ച' വരുന്നത്?
- 1, 8, 15, 22, 29 എന്നീ തീയതികൾ വരുന്ന ദിവസം ഏതാണ്?
- അടുത്തമാസം ഏതാണ്?
- അടുത്തമാസത്തെ ആദ്യദിവസം ഏതാണ്?
- മറ്റന്നാൾ 'ശനിയാഴ്ച' ആണെങ്കിൽ ഇന്നലെ ഏത് ദിവസമായിരുന്നു?
- റിപ്പബ്ലിക് ദിനം കലണ്ടറിൽ അടയാളപ്പെടുത്തുക.

# 9

# വീണ്ടും വീണ്ടും കൂട്ടുമ്പോൾ



- ചേർത്തു വരയ്ക്കൂ...

| | |
|---|---|
| $3 \times 2$ | 10 |
| 16 | $4 \times 2$ |
| $5 \times 2$ | $7 \times 2$ |
| 8 | $6 \times 4$ |
| 14 | $8 \times 2$ |
| 18 | 9 |
| $3 \times 3$ | 6 |
| 24 | $9 \times 2$ |

## ഒളിച്ചിരിക്കുന്നതാര് ?



| | | | | |
|---|---|---|---|---|
| $8 \times 4$ | $5 \times 1$ | $6 \times 3$ | $1 \times 2$ | $6 \times 4$ |
| $4 \times 2$ | $7 \times 10$ | $6 \times 6$ | $9 \times 5$ | $9 \times 6$ |

- ഈ ക്രിയകൾ ചെയ്യൂ.
- ഉത്തരം വരുന്ന കളങ്ങളിൽ നിറം കൊടുക്കൂ.
- ഒളിച്ചിരിക്കുന്നത് ആരെന്ന് കണ്ടുപിടിക്കൂ.

**കണ്ടുപിടിക്കാമോ ?**

**മരമെത്ര... കിളിയെത്ര ?**

ഒരു മരത്തിൽ ഒരു കിളി വീതം ഇരുന്നാൽ ഒരു കിളി ബാക്കി വരും. ഒരു മരത്തിൽ 2 കിളി വീതം ഇരുന്നാൽ ഒരു മരം ബാക്കി വരും.

മരമെത്ര ? കിളിയെത്ര ?





**ഞങ്ങളെത്ര ?**

ഞങ്ങളെ 2 വീതം കൂട്ടങ്ങളാക്കാം. 3 വീതമുള്ള കൂട്ടങ്ങളുമാക്കാം. 10 ൽ താഴെയാണ് എണ്ണം. ഞങ്ങളെത്ര പേർ ?

## പായസവിതരണം



മീനുവിന്റെ പിറന്നാളാണ്. മൂന്നാം ക്ലാസി ലേക്ക് 4 ട്രേയിൽ പായസം കൊണ്ടുവന്നു. ഒരു ട്രേയിൽ 7 കപ്പ് പായസം ഉണ്ട്.

എത്ര കുട്ടികൾക്ക് പായസം കൊടുക്കാം ?

....... + ....... + ....... + ....... = 4 × ....... = .......

രണ്ട് ട്രേയിലും കൂടി പായസം കൊണ്ടുവന്നപ്പോൾ 2 കപ്പ് പായസം ബാക്കി വന്നു. മൂന്നാം ക്ലാസിൽ ആകെ എത്ര കുട്ടികൾക്ക് പായസം കൊടുത്തു ?

ഞാൻ കണക്കാക്കിയ രീതി:

മറ്റൊരു രീതി:

**പൂർത്തിയാക്കുക**

3 × 7 = 21

4 × 7 = 28

- - - - - -

6 × 7 = - -

- - - - - -

- - - - - -

- - - - - -

10 × 7 = - -

എത്ര ട്രേയിൽ പായസം കൊണ്ടുവന്നു ? [ ]

ഒരു ട്രേയിൽ എത്ര കപ്പ് പായസം ? [ ]

ആകെ എത്ര കപ്പ് പായസം ? [ ]

മൂന്നാം ക്ലാസിലെ കുട്ടികളുടെ എണ്ണം ? [ ]

## രണ്ടാം ക്ലാസിലേക്ക്

രണ്ടാം ക്ലാസിലെ കുട്ടികൾക്ക് കൊടുക്കാൻ

10 ട്രേ പായസം വേണ്ടി വന്നു.

രണ്ടാം ക്ലാസിൽ എത്ര കുട്ടികൾ ഉണ്ട് ?

ഞാൻ കണക്കാക്കിയത്.

**ആഴ്ചപ്പാട്ട്**

ഏഴുദിനങ്ങൾ ചേരുമ്പോൾ
ആഴ്ചയൊന്നു പിറക്കുന്നു.
ആഴ്ചകൾ രണ്ടുണ്ടെന്നാലോ
ദിനങ്ങളെത്ര പറയാമോ ?
പറയാം ഞങ്ങൾ പറയാമേ
ദിനങ്ങളെണ്ണം പതിനാല്.

- - - - - - - - - - - - - - - - - - - -

- - - - - - - - - - - - - - - - - - - -

- - - - - - - - - - - - - - - - - - - -








7 കപ്പ് വീതം 4 തവണ

$4 \times 7 = 28$



4 കപ്പ് വീതം 7 തവണ

$7 \times 4 = 28$

## തണൽ കുടുംബശ്രീ




തണൽ കുടുംബശ്രീ യൂണിറ്റ് കുട നിർമ്മിക്കുന്നുണ്ട്. മീനുവിന്റെ അമ്മയും ഈ യൂണിറ്റിലെ അംഗമാണ്. അവർക്ക് 11 കുടയ്ക്കുള്ള ഓർഡർ കിട്ടി.

3 കുട ഉണ്ടാക്കാനുള്ള കുടക്കമ്പികൾ വീട്ടിലുണ്ട്. ഒരു കുടയ്ക്ക് 8 കുടക്കമ്പികളാണ് വേണ്ടത്. വീട്ടിൽ ആകെ എത്ര കുടക്കമ്പികൾ ഉണ്ട്?

....... + ....... + ....... = ....... × ....... = .......

ബാക്കി 8 കുടയ്ക്കുള്ള കുടക്കമ്പികൾ വാങ്ങാനായി അമ്മയോടൊപ്പം മീനുവും പോയി. എത്ര കുടക്കമ്പികൾ വാങ്ങണം?

11 കുടയ്ക്ക് ആകെ എത്ര കുടക്കമ്പികൾ വേണം?

ഞാൻ കണക്കാക്കിയ രീതി:

കൂട്ടുകാർ കണക്കാക്കിയ രീതി:

## ഉത്തരം കണക്കാക്കി നോട്ടുബുക്കിൽ എഴുതൂ...

- ഒരു പായ്ക്കറ്റ് ക്രയോണിന്റെ വില 8 രൂപയാണ്. ഇത്തരത്തിലെ 6 പായ്ക്കറ്റ് ക്രയോൺ വാങ്ങാൻ എത്ര രൂപ വേണം ?
- മീനുവിന്റെ സ്കൂളിലേക്ക് 8 പേപ്പർകട്ടർ വേണം. ഒന്നിന് 7 രൂപയാണ് വില. ആകെ എത്ര രൂപയാകും ?
- ഒരു കേക്കിനെ 8 കഷണമായി മുറിക്കാം.
  5 കേക്ക് വാങ്ങി കഷണങ്ങളാക്കി.
  എത്ര കഷണം കേക്ക് കിട്ടും ?



- 127-ാം പേജിലെ ചെസ് ബോർഡിന്റെ ചിത്രം കണ്ടല്ലോ ? ചെസ് ബോർഡിൽ എത്ര കളങ്ങളിലാണ് കരുക്കൾ ഉള്ളത് ?
  ചെസ് ബോർഡിൽ ആകെ എത്ര കളങ്ങൾ ഉണ്ട് ?
- വിഴിഞ്ഞം തുറമുഖത്തേക്ക് ചൈനയിൽ നിന്നും ക്രെയിനുമായി വന്ന കപ്പൽ യാത്രയ്ക്ക് 3 ആഴ്ചയെടുത്തു. എത്ര ദിവസമാണ് കപ്പൽ യാത്ര ചെയ്തത് ?

- പൂർത്തിയാക്കുക.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | | 6 | 7 | | 9 | 10 |
| 8 | 16 | | | 40 | | | 64 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | | | 8 | 9 | 10 |
| 7 | | | | | 42 | 49 | | | |

## സമൂസ കച്ചവടം

കുട ഉണ്ടാക്കുന്നവർക്ക് സമൂസ വാങ്ങാനായി മീനുവിന്റെ അച്ഛനും അനുജനും കടയിലെത്തി.

ഒരു സമൂസയ്ക്ക് 9 രൂപയാണ് വില. അച്ഛൻ 8 സമൂസ വാങ്ങി. കച്ചവടക്കാരന് എത്ര രൂപ കൊടുക്കണം ?

ഞാൻ കണക്കാക്കിയത്.




| | |
|---|---|
| $3 \times 9 =$ ........ | |
| $5 \times 9 =$ ........ | |
| $7 \times 9 =$ ........ | |
| $9 \times 9 =$ ........ | |

| | |
|---|---|
| രണ്ട് 9 ചേർന്നാൽ | $2 \times 9 = 18$ |
| നാല് 9 ചേർന്നാൽ | |
| ആറ് 9 ചേർന്നാൽ | |
| | $8 \times 9 =$ ........... |
| | $10 \times 9 = 90$ |
| | $50 \times 9 =$ ........... |
| | $100 \times 9 =$ ........... |

## ഗുണിച്ചുകളിക്കാം

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 × 1 | 2 × 1 | 3 × 1 | 4 × 1 | 5 × 1 | 6 × 1 | 7 × 1 | 8 × 1 | 9 × 1 | 10 × 1 |
| 1 × 2 | 2 × 2 | 3 × 2 | 4 × 2 | 5 × 2 | 6 × 2 | 7 × 2 | 8 × 2 | 9 × 2 | |
| 1 × 3 | 2 × 3 | 3 × 3 | 4 × 3 | 5 × 3 | 6 × 3 | 7 × 3 | 8 × 3 | | |
| 1 × 4 | 2 × 4 | 3 × 4 | 4 × 4 | 5 × 4 | 6 × 4 | 7 × 4 | | | |
| 1 × 5 | 2 × 5 | 3 × 5 | 4 × 5 | 5 × 5 | 6 × 5 | | | | |
| 1 × 6 | 2 × 6 | 3 × 6 | 4 × 6 | 5 × 6 | | | | | |
| 1 × 7 | 2 × 7 | 3 × 7 | 4 × 7 | | | | | | |
| 1 × 8 | 2 × 8 | 3 × 8 | | | | | | | |
| 1 × 9 | 2 × 9 | | | | | | | | |
| 1 × 10 | 2 × 10 | 3 × 10 | 4 × 10 | 5 × 10 | 6 × 10 | 7 × 10 | 8 × 10 | 9 × 10 | 10×10 |

ഈ ക്രിയകളുടെ ഉത്തരം നോട്ടുബുക്കിൽ കളം വരച്ചെഴുതൂ.

- നിറം കൊടുത്ത കളങ്ങളിലെ ഉത്തരം കണക്കാക്കി എഴുതൂ.

- എട്ടാമത്തെ വരിയിലെ ഉത്തരങ്ങൾ എഴുതുക. അവയുടെ പ്രത്യേകത എന്താണ് ?

## സ്വിച്ചിടൂ... ബൾബ് കത്തിക്കൂ...

മീനു ഗണിതമേളയ്ക്കായി ചെയ്തത് നോക്കൂ...

സ്വിച്ചിന് താഴെയുള്ള ക്രിയകളുടെ ഉത്തരം വരുന്ന ബൾബുകൾക്ക് സ്വിച്ചിന്റെ നിറം കൊടുക്കുക. സ്വിച്ചും ബൾബും വരച്ച് യോജിപ്പിക്കുക.




## ക്രിക്കറ്റ് മത്സരം

- ക്രിക്കറ്റ് മത്സരത്തിൽ മീനുവിന്റെ ചേച്ചി 11 സിക്സറും (6 റൺ) 15 ബൗണ്ടറിയും (4 റൺ) അടിച്ചു. ആകെ എത്ര റൺസാണ് ഇങ്ങനെ കിട്ടിയത് ? ______

| | | | |
|---|---|---|---|
| 15 × 1 | = | 15 |
| 15 × 2 | = | 30 |
| 15 × 3 | = | 45 |
| 15 × 4 | = | 60 |
| 15 × 5 | = | 75 |

ഞാൻ കണക്കാക്കിയ രീതി:

**സിക്സറുകളിൽ നിന്നും കിട്ടിയ റൺസ്.**

10 പ്രാവശ്യം 6 = 60

1 പ്രാവശ്യം 6 = 6

11 പ്രാവശ്യം 6 = 66

**ബൗണ്ടറികളിൽ നിന്നും കിട്ടിയ റൺസ്.**

...... പ്രാവശ്യം 4 = ......

.......................... = ......

.......................... = ......

ആകെ റൺസ് = 66 + 60 = 126

**ഗുണിക്കാതെ കണക്കാക്കാം**

29 × 8 =

30 × 8 = 240

31 × 8 =

50 × 5 =

51 × 5 = 255

52 × 5 =

## വളയുടെ വില

ഒരു ഡസൻ വളയ്ക്ക് 25 രൂപയാണ് വില. മീനു 4 ഡസൻ ചുവപ്പ് വളയും 3 ഡസൻ നീല വളയും വാങ്ങി. ആകെ വില എത്രയാണ് ?

ഞാൻ കണക്കാക്കിയ രീതി. മറ്റൊരു രീതി.




പട്ടിക പൂർത്തിയാക്കൂ.

| | |
|---|---|
| $1 \times 6 = 6$ | $10 \times 6 = 60$ |
| $2 \times 6 = 12$ | $20 \times 6 = 120$ |
| ......... = ..... | ......... = ..... |
| ......... = ..... | ......... = ..... |
| ......... = ..... | ......... = ..... |
| ......... = ..... | ......... = ..... |
| ......... = ..... | ......... = ..... |
| ......... = ..... | ......... = ..... |
| ......... = ..... | ......... = ..... |

$44 \times 6$
മനക്കണക്കായി ഉത്തരം കണ്ടെത്താമോ ?

$40 \times 6$ = .......
$4 \times 6$ = .......

$44 \times 6$ = .......

- ഇതുപോലെ 7, 8, 9 എന്നീ സംഖ്യകളുടെ ഗുണനക്രിയകൾ എഴുതൂ...

- മനക്കണക്കായി ചെയ്യൂ...

$110 \times 6$ $52 \times 6$ $38 \times 6$

- കൂടുതൽ ചോദ്യങ്ങൾ ഉണ്ടാക്കൂ, മനക്കണക്കായി ചെയ്യൂ...

## പൂക്കളം പൂർത്തിയാക്കുക




## ക്രമം തുടരുക

1. 3, 6, 9, .........., .........., ..........
2. 4, 8, .........., .........., 20, 24, ..........,
3. 27, 36, 45, .........., .........., ..........
4. 45, 40, 35, .........., .........., ..........
5. 15, 30, 45, .........., .........., ..........
6. 25, 50, 75, .........., .........., ..........
7. 100, 200, 300, 400, .........., .........., ..........

ഞാൻ കണ്ടെത്തിയ പാറ്റേൺ.

1. ...................., ....................,....................,....................,
2. ...................., ....................,....................,....................,
3. ...................., ....................,....................,....................,
4. ...................., ....................,....................,....................,

## ഗണിതമേള

മീനുവിന്റെ സ്കൂളിലെ ഗണിതമേളയോടനുബന്ധിച്ച് നടത്തിയ മത്സരത്തിൽ 6 കുട്ടികൾ ജയിച്ചു. അവർക്ക് സമ്മാനമായി പുസ്തകം കൊടുത്തു.

- ഒരു പുസ്തകത്തിന് 100 രൂപയാണ് വില.
- 6 എണ്ണം വാങ്ങിയപ്പോൾ ഒന്നിന് 5 രൂപ വീതം കുറച്ചു.
  ആകെ എത്ര രൂപ കൊടുത്തു ?

ഞാൻ കണക്കാക്കിയ രീതി.

കൂട്ടുകാർ കണക്കാക്കിയ രീതി.

ഒരു പുസ്തകത്തിന് കൊടുത്ത വില

പുസ്തകങ്ങളുടെ എണ്ണം

ആകെ വില

- പുസ്തകങ്ങളുടെ വിലയായി കച്ചവടക്കാരന് ഏതൊക്കെ നോട്ടുകളാകും കൊടുത്തിരിക്കുക ?

| നോട്ടുകൾ | എണ്ണം | തുക |
|---|---|---|
| 500 രൂപ | 1 | |
| 200 രൂപ | | |
| 100 രൂപ | | |
| 50 രൂപ | 1 | |
| 20 രൂപ | | |
| 10 രൂപ | 2 | |
| 5 രൂപ | | |
| ആകെ | | |

മറ്റൊരു രീതി:

| നോട്ടുകൾ | എണ്ണം | തുക |
|---|---|---|
| 500 രൂപ | | |
| 200 രൂപ | | |
| 100 രൂപ | | |
| 50 രൂപ | | |
| 20 രൂപ | | |
| 10 രൂപ | | |
| 5 രൂപ | | |
| ആകെ | | |

- കച്ചവടക്കാരന് കൊടുത്തത് 10 നോട്ടുകൾ ആണ്.

ഏതൊക്കെ നോട്ടുകളായിരിക്കും കൊടുത്തത് ?

| നോട്ടുകൾ | എണ്ണം | തുക |
|---|---|---|
| 500 രൂപ | | |
| 200 രൂപ | | |
| 100 രൂപ | | |
| 50 രൂപ | | |
| 20 രൂപ | | |
| 10 രൂപ | | |
| 5 രൂപ | | |
| ആകെ | | |

| നോട്ടുകൾ | എണ്ണം | തുക |
|---|---|---|
| 500 രൂപ | | |
| 200 രൂപ | | |
| 100 രൂപ | | |
| 50 രൂപ | | |
| 20 രൂപ | | |
| 10 രൂപ | | |
| 5 രൂപ | | |
| ആകെ | | |

എല്ലാവരുടെയും ഉത്തരം ഇതുതന്നെയാണോ ?

## ക്രിസ്മസ് ട്രീ

മീനു ക്രിസ്മസ് ട്രീ ഒരുക്കുന്നതിനായി അലങ്കാര സെറ്റുകൾ 3 പാക്കറ്റ് വാങ്ങി. ഒരു പാക്കറ്റിന് 98 രൂപയാണ് വില. ആകെ എത്ര രൂപയായി ?



ഞാൻ കണക്കാക്കിയ രീതി:

മറ്റൊരു രീതി:

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

### 1. ഫുട്ബോൾ സ്റ്റേഡിയം

ഫുട്ബോൾ മത്സരം നടക്കുന്ന സ്റ്റേഡിയത്തിന്റെ ഒരു വരിയിൽ 99 പേർക്ക് ഇരിക്കാം. സ്റ്റേഡിയത്തിന് 10 വരിയാണ് ഉള്ളത്. ആകെ എത്ര പേർക്ക് ഇരിക്കാം ?

* ഒരു വരിയിൽ 100 സീറ്റായിരുന്നെങ്കിൽ എത്ര പേർക്ക് ഇരിക്കാമായിരുന്നു ?
* സ്റ്റേഡിയത്തിലേക്ക് ഒരു ഗേറ്റ് കൂടി പണിയുവാൻ ഓരോ വരിയിൽ നിന്നും 4 വീതം സീറ്റുകൾ ഇളക്കി മാറ്റിയാൽ സ്റ്റേഡിയത്തിൽ എത്ര സീറ്റുണ്ടാകും ?

### 2. ഏതു തീയതി ?

2024 ഒക്ടോബർ മാസത്തിലെ ആദ്യത്തെ തിങ്കളാഴ്ച 7-ാം തീയതിയാണ്. നാലാമത്തെ തിങ്കളാഴ്ച ഏതു തീയതിയാണ് ?




### 3. എത്ര വാഴ ?

മീനു തന്റെ വാഴത്തോട്ടത്തിൽ ഒരു വരിയിൽ 7 വാഴ നട്ടു. ഇത്തരം 8 വരികളിലായി എത്ര വാഴ നടാം ? ഒരു വരിയിൽ 9 വാഴ വീതം നട്ടാൽ ആകെ എത്ര വാഴ നടാം ?

## 4. ഗണിത ക്വിസ്

മീനുവിന്റെ സ്കൂളിലെ ഈ മാസത്തെ ഗണിത ക്വിസിൽ 8 പേരാണ് ജയിച്ചത്. അവർക്ക് പഠനോപകരണകിറ്റ് സമ്മാനമായി നൽകാൻ തീരുമാനിച്ചു. കിറ്റിലെ 6 ഇനങ്ങൾക്ക് മിക്കി സ്റ്റോഴ്സിലെയും ഡോറ സ്റ്റോഴ്സിലെയും വില താഴെ കൊടുക്കുന്നു.

| മിക്കി സ്റ്റോഴ്സ് | ഡോറ സ്റ്റോഴ്സ് |
|---|---|
| പെൻസിൽ 5 രൂപ | പെൻസിൽ 4 രൂപ |
| പേന 8 രൂപ | പേന 10 രൂപ |
| റബ്ബർ കട്ട 3 രൂപ | റബ്ബർ കട്ട 3 രൂപ |
| സ്കെയിൽ 7 രൂപ | സ്കെയിൽ 9 രൂപ |
| സ്കെച്ച് പെൻ പാക്കറ്റ് 30 രൂപ | സ്കെച്ച് പെൻ പാക്കറ്റ് 27 രൂപ |
| ക്രയോൺ പാക്കറ്റ് 10 രൂപ | ക്രയോൺ പാക്കറ്റ് 8 രൂപ |

* സമ്മാനങ്ങൾ ഏതു കടയിൽ നിന്നും വാങ്ങുന്നതാണ് മെച്ചം ?
* 8 പേർക്കുമുള്ള സമ്മാനം ഡോറ സ്റ്റോഴ്സിൽ നിന്നും വാങ്ങിയാൽ എത്ര രൂപ കൊടുക്കേണ്ടി വരും ?
* മിക്കി സ്റ്റോഴ്സിൽ നിന്നാണെങ്കിലോ ?
* വിലവിവരം നോക്കി രണ്ടു കടകളിൽ നിന്നുമായാണ് സാധനങ്ങൾ തെരഞ്ഞെടുത്തത്. വാങ്ങിയ സാധനങ്ങളുടെ പട്ടിക പൂർത്തിയാക്കുക.

| സാധനങ്ങൾ | വില |
|---|---|
| | |
| ആകെ | |

* 8 കിറ്റിനായി എത്ര രൂപ ചെലവായി?

**5. കളം പൂർത്തിയാക്കാം**

- ഒഴിഞ്ഞ കളങ്ങൾ പൂർത്തിയാക്കണം.
- വരിയായും നിരയായും ഗുണിക്കണം.

| | | | | |
|---|---|---|---|---|
| 2 | × | 3 | = | ....... |
| × | | × | | × |
| 1 | × | 3 | = | ....... |
| = | | = | | = |
| ....... | × | ....... | = | 18 |

| | | | | |
|---|---|---|---|---|
| ....... | × | ....... | = | ....... |
| × | | ....... | | × |
| ....... | × | ....... | = | ....... |
| = | | ....... | | = |
| ....... | × | ....... | = | 24 |

## 6. സമ്മാനം നേടാം

മീനുവിനെ സമ്മാനത്തിനടുത്ത് എത്തിക്കൂ.



| | | | | |
|---|---|---|---|---|
| 33 | 34 | 38 | 46 | 48 |
| 32 | 30 | 36 | 42 | 49 |
| 24 | 16 | 17 | 9 | 10 |
| 20 | 18 | 12 | 14 | 8 |
| 11 | 13 | 15 | 6 | 3 |





# 10

# പങ്കുവയ്ക്കാം



100
99 (9 ÷ 3)
98
97
96
95 (95 – 55)
94
93
92
91
81
82
83
84 (84 + 12)
85
86
87
88
89
90
80
79
78 (78 + 10)
77
76
75
74
73
72 (72 ÷ 8)
71
61
62
63
64 (64 – 4)
65
66 (66 + 14)
67
68
69
70
60
59
58
57
56
55
54
53
52
51
41
42 (9 × 9)
43
44 (44 + 44)
45 (45 – 3)
46
47
48 (48 – 20)
49
50
40
39
38
37
36
35 (35 ÷ 5)
34
33
32
31
21
22
23
24
25
26 (6 × 6)
27
28
29
30 (30 ÷ 3)
20
19
18
17
16
15
14 (14 + 6)
13
12
11
1
2 (6 × 4)
3
4
5 (8 × 7)
6
7
8
9 (9 + 9)
10

## ഒത്തു നിൽക്കാം കൂട്ടരേ...

നമുക്ക് 'ഒത്തു നിൽക്കാം കൂട്ടരേ' എന്ന കളി കളിക്കാം.



അജലിന്റെ ക്ലാസിലെ 20 കുട്ടികൾ ഈ കളി കളിച്ചു.

- 5 പേർ എന്നു പറഞ്ഞപ്പോൾ എത്ര കൂട്ടങ്ങൾ ആയി ?

| | |
|---|---|
| | $4 \times 5 = 20$ |

- 4 പേർ എന്നു പറഞ്ഞപ്പോൾ എത്ര കൂട്ടങ്ങൾ ആയി ?

| | |
|---|---|
| | $5 \times 4 = 20$ |

20 ൽ
5 ന്റെ
4 കൂട്ടങ്ങൾ



- 2 പേർ വീതമുള്ള കൂട്ടങ്ങളായാലോ ?

| | |
|---|---|
| | $10 \times 2 = 20$ |

- ഏറ്റവും കൂടുതൽ കൂട്ടങ്ങൾ ആയത് ഏത് സംഖ്യ പറഞ്ഞപ്പോഴാണ് ?

എത്ര കൂട്ടങ്ങൾ ?

- 10 എന്നു പറഞ്ഞപ്പോഴോ ?

$2 \times 10 = 20$

| ആകെ കുട്ടികൾ | ഒരു കൂട്ടത്തിലെ കുട്ടികളുടെ എണ്ണം | കൂട്ടങ്ങളുടെ എണ്ണം |
|---|---|---|
| 20 | 5 | 4 |
| 20 | | 5 |
| 20 | 2 | |
| 20 | | |

## ചക്കരമാവ്

സ്കൂൾ മുറ്റത്തെ ചക്കരമാവ് കണ്ടില്ലേ. കാറ്റത്ത് ധാരാളം മാങ്ങ താഴെ വീണു.

അജലും കൂട്ടുകാരും മാങ്ങ പെറുക്കി എടുത്തു.

- 16 പഴുത്തമാങ്ങ
- 28 പച്ചമാങ്ങ
- 36 കണ്ണിമാങ്ങ






പഴുത്ത മാങ്ങകളും പച്ചമാങ്ങകളും നാല് ക്ലാസിലേക്ക് തുല്യമായി കൊടുത്തു.

| പഴുത്തമാങ്ങകൾ കൂട്ടങ്ങളാക്കൂ... നിറം കൊടുക്കൂ. | പച്ചമാങ്ങകൾ കൂട്ടങ്ങളാക്കൂ... നിറം കൊടുക്കൂ. |
|---|---|
| ക്ലാസ് 1, ക്ലാസ് 2, ക്ലാസ് 3, ക്ലാസ് 4 | ക്ലാസ് 1, ക്ലാസ് 2, ക്ലാസ് 3, ക്ലാസ് 4 |
| ഈ കൂട്ടത്തിലെത്ര ? | ഈ കൂട്ടത്തിലെത്ര ? |
| ☐ $4 \times 4 = 16$ | ☐ $7 \times 4 = 28$ |

കണ്ണിമാങ്ങകൾ അജലും 5 കൂട്ടുകാരും കൂടി വീതിച്ചെടുത്തു.
കണ്ണിമാങ്ങകൾ കൂട്ടങ്ങളാക്കൂ, നിറം കൊടുക്കൂ.

എത്ര കൂട്ടങ്ങൾ ? ☐ ഒരു കൂട്ടത്തിലെത്ര ? ☐ ....... × ...... = 36

## മഞ്ചാടിക്കളി

'കണക്കുപെട്ടി'യിലേക്കാവശ്യമായ മഞ്ചാടികൾ പെറുക്കുന്നതിനായി അജലും കൂട്ടുകാരും സ്കൂൾ മുറ്റത്തെ മഞ്ചാടി മരത്തിനരികിലെത്തി.




പാത്രത്തിൽ ആകെ 12 മഞ്ചാടി.

അഭിനയ ഒരു മഞ്ചാടി വീതം ഓരോരുത്തർക്കും കൊടുത്തു.

ഒരു തവണ കൊടുത്തപ്പോൾ ബാക്കി വന്നത് $12 - 4 = 8$

രണ്ടു തവണ കൊടുത്തപ്പോൾ ബാക്കി വന്നത് $8 - 4 = 4$

മൂന്നു തവണ കൊടുത്തപ്പോൾ ബാക്കി വന്നത് $4 - 4 = 0$

| | |
|---|---|
| ആകെയുണ്ടായിരുന്ന മഞ്ചാടി | |
| എത്ര പേർക്കാണ് വീതിച്ചത് ? | |
| ഒരാൾക്ക് എത്ര കിട്ടി ? | |

മൂന്നു തവണ യല്ലേ വീതം വച്ചത്.



.......... × .......... = 12

12 മഞ്ചാടി 4 പേർക്ക് തുല്യമായി വീതിച്ചാൽ ഓരോരുത്തർക്കും 3 മഞ്ചാടി വീതം കിട്ടും.



12 മഞ്ചാടി 3 പേർക്ക്

തുല്യമായി വീതിച്ചാലോ ?

ഒരു തവണ കൊടുത്തപ്പോൾ
ബാക്കി വന്നത് 12 – 3 = 9

2 തവണ കൊടുത്തപ്പോൾ
ബാക്കി വന്നത് ...............

3 തവണ കൊടുത്തപ്പോൾ
ബാക്കി വന്നത് ...............

4 തവണ കൊടുത്തപ്പോൾ
ബാക്കി വന്നത് ...............

ആകെയുണ്ടായിരുന്ന മഞ്ചാടി ☐

എത്ര പേർക്കാണ് വീതിച്ചത് ? ☐

ഒരാൾക്ക് കിട്ടിയ എണ്ണം ? ☐ .......... × .......... = 12

12 മഞ്ചാടി 2 പേർക്ക് തുല്യമായി

വീതിച്ചാലോ ?

ഒരു തവണ കൊടുത്തപ്പോൾ
ബാക്കി വന്നത് ...............

2 തവണ കൊടുത്തപ്പോൾ ബാക്കി
വന്നത് ...............



3 തവണ കൊടുത്തപ്പോൾ ബാക്കി വന്നത് ....................................................
..........................................................................................
..........................................................................................
..........................................................................................

ആകെയുണ്ടായിരുന്ന മഞ്ചാടി ☐

എത്ര പേർക്കാണ് വീതിച്ചത് ? ☐

ഒരാൾക്ക് കിട്ടിയ എണ്ണം ? ☐ .......... × .......... = 12

12 മഞ്ചാടി 2 പേർക്ക് തുല്യമായി വീതിച്ചപ്പോൾ ഓരോരുത്തർക്കും 6 എണ്ണം വീതം കിട്ടി.

12 നെ ഒരേ എണ്ണമുള്ള 4 കൂട്ടമാക്കിയാൽ ഓരോ കൂട്ടത്തിലും 3 എണ്ണം.

12 നെ ഒരേ എണ്ണമുള്ള 3 കൂട്ടമാക്കിയാൽ ഓരോ കൂട്ടത്തിലും എത്ര ?

12 മഞ്ചാടി ഒരേ എണ്ണമുള്ള 2 കൂട്ടമാക്കിയാൽ



ഓരോ കൂട്ടത്തിലും 6 എണ്ണം.

12 നെ ഒരു പോലുള്ള 2 കൂട്ടമാക്കിയാൽ ഓരോ കൂട്ടത്തിലും 6.

12 നെ രണ്ടു തുല്യ ഭാഗമാക്കിയാൽ ഓരോ ഭാഗത്തിലും 6.

12 നെ രണ്ടായി വീതിച്ചാൽ ഓരോന്നിലും 6.

12 നെ 2 കൊണ്ടു ഹരിച്ചാൽ 6 എന്ന് പറയാം.

ചിഹ്നം ഉപയോഗിച്ച് $12 \div 2 = 6$ എന്നെഴുതാം.

$12 \div 2 = 6$

ഇതിനെ

12 ഭാഗം 2 സമം 6 എന്നും വായിക്കാം.

12 മഞ്ചാടി ഒരേ എണ്ണമുള്ള 3 കൂട്ടങ്ങളാക്കിയാൽ



ഓരോ കൂട്ടത്തിലും 4 എണ്ണം.

12 നെ ഒരുപോലുള്ള 3 കൂട്ടമാക്കിയാൽ ഓരോ കൂട്ടത്തിലും 4.

അതായത് 12 നെ 3 കൊണ്ട് ഹരിച്ചാൽ 4.

12 ഭാഗം 3 സമം 4

$12 \div 3 = 4$ $\quad$ $3 \times 4 = 12$

12 മഞ്ചാടി ഒരേ എണ്ണമുള്ള 4 കൂട്ടമാക്കിയാൽ

12 ഭാഗം 4 സമം 3

$12 \div 4 = 3$ $\quad$ $4 \times 3 = 12$

12 മഞ്ചാടി ഒരേ എണ്ണമുള്ള 6 കൂട്ടമാക്കിയാൽ

12 ഭാഗം 6 സമം ........

........ ÷ ........ = ........ $\quad$ .... × .... = 12

എഴുതി നോക്കൂ...

| സന്ദർഭം | ഗണിതക്രിയ | ഗണിതരൂപം | |
|---|---|---|---|
| 12 മഞ്ചാടി 2 പേർക്ക് തുല്യമായി വീതിച്ചു. | 12 എണ്ണത്തിനെ ഒരേ പോലെയുള്ള 2 കൂട്ടമാക്കി. | 12 നെ 2 കൊണ്ട് ഹരിച്ചു. | $12 \div 2 = 6$ |
| 12 മഞ്ചാടി 4 പേർക്ക് തുല്യമായി വീതിച്ചു. | | | $12 \div 4 = 3$ |
| | 12 എണ്ണത്തിനെ ഒരേ പോലെയുള്ള 3 കൂട്ടമാക്കി | | |
| | | | |

പട്ടിക പൂർത്തിയാക്കൂ.

| സന്ദർഭം | ഗണിതക്രിയ | ഗണിതരൂപം | |
|---|---|---|---|
| 6 മിഠായി 2 പേർക്ക് തുല്യമായി വീതിച്ചു. | 6 എണ്ണത്തിനെ ഒരേ പോലെയുള്ള 2 കൂട്ടമാക്കി. | 6 നെ 2 കൊണ്ട് ഹരിച്ചു. | $6 \div 2 = 3$ |
| 16 പെൻസിൽ 4 കുട്ടികൾക്ക് ഒരുപോലെ കൊടുത്തു. | | | |
| 18 പേന 6 പേർക്ക് ഒരേ എണ്ണം വീതം കൊടുത്തു. | | | |
| | | | |

## പൂക്കളുണ്ടാക്കാം

മികവുത്സവത്തിന് സ്റ്റേജ് അലങ്കരിക്കാൻ പൂക്കൾ ഉണ്ടാക്കുകയാണ് അജലും കൂട്ടുകാരും. 7 വട്ടം വച്ച് ഒരു പൂവ് ഉണ്ടാക്കണം. അജലിന്റെ ഗ്രൂപ്പിന് 21 വട്ടം കിട്ടി. അവർക്ക് എത്ര പൂക്കളുണ്ടാക്കാം ? ☐







- 35 വട്ടങ്ങളാണ് അഭിനയയുടെ സംഘത്തിന് കിട്ടിയത്.

  അവർക്ക് എത്ര പൂക്കൾ ഉണ്ടാക്കാം ? ☐ .... × .... = 35

- 28 വട്ടം കിട്ടിയാൽ എത്ര പൂക്കൾ ഉണ്ടാക്കാം ?

  ☐ ☐

## പൂക്കളുടെ എണ്ണം

| ഗ്രൂപ്പ് | കിട്ടിയ വട്ടത്തിന്റെ എണ്ണം | ഒരു പൂവ് ഉണ്ടാക്കാൻ വേണ്ട വട്ടം | ക്രിയ | പൂക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 21 | 7 | $21 \div 7 = 3$ | 3 |
| 2 | 35 | 7 | | |
| 3 | 28 | 7 | | |
| 4 | 70 | 7 | | |
| 5 | 14 | 7 | | |




- $63 \div 7 = 9$ എന്ന ക്രിയയെ ഒരു ചോദ്യമായി എഴുതാമോ ?

## എത്ര മുട്ടത്തട്ടുകൾ ?

- അജലിന്റെ അച്ഛന്റെ കടയിൽ രണ്ടുതരം മുട്ടത്തട്ടുകൾ ഉണ്ട്.

  ഒന്നാമത്തേതിൽ 4 മുട്ട വീതവും രണ്ടാമത്തേതിൽ 6 മുട്ട വീതവും വയ്ക്കാം.

  24 മുട്ട വയ്ക്കാൻ എത്ര തട്ട് വേണം ?



  4 മുട്ടവയ്ക്കുന്ന തട്ടാണെങ്കിൽ

  6 മുട്ടവയ്ക്കുന്ന തട്ടാണെങ്കിൽ

പട്ടിക നോക്കൂ.

| | |
|---|---|
| $6 \times 4 = 24$ | $24 \div 4 = 6$ |
| | $24 \div 6 = 4$ |

പൂർത്തിയാക്കൂ.

| | |
|---|---|
| $7 \times 8 = 56$ | $56 \div 7 = 8$ |
| | ...................... |

| | |
|---|---|
| $9 \times 4 = 36$ | ...................... |
| | ...................... |

| | |
|---|---|
| $6 \times 5 = 30$ | ...................... |
| | ...................... |

| | |
|---|---|
| $8 \times 4 = 32$ | ...................... |
| | ...................... |

| | |
|---|---|
| $6 \times 3 = 18$ | $18 \div 6 = 3$ |
| | $18 \div 3 = 6$ |
| $24 \div 3 = 8$ | $8 \times 3 = 24$ |
| | |
| $9 \times 6 = 54$ | |
| | |
| $36 \div 9 = 4$ | |
| | |
| | |
| | |

## അടുക്കളത്തോട്ടം




സ്കൂളിലെ അടുക്കളത്തോട്ടത്തിലേക്ക് 45 ചട്ടിയിലായി തൈകൾ കൊണ്ടുവന്നു. അഞ്ച് വരിയിലായാണ് ചട്ടികൾ വച്ചത്.

ഒരു വരിയിൽ എത്ര ചട്ടികൾ ? ☐

45 എണ്ണത്തെ
5 തുല്യഭാഗമാക്കിയാൽ ഒരു ഭാഗം ☐

45 നെ 5 കൊണ്ടു ഹരിച്ചാൽ ☐

45 ÷ 5 = ☐

.......... × .......... = 45

## സ്കൂൾ പാർക്കിലെ തീവണ്ടി

അജലിന്റെ സ്കൂളിലെ പ്രീപ്രൈമറിയിൽ 32 കുട്ടികളുണ്ട്. സ്കൂൾ പാർക്കിലെ തീവണ്ടിയിൽ 4 ബോഗിയാണുള്ളത്. ഓരോ ബോഗിയിലും ഒരേ എണ്ണം കുട്ടികളാണ് കയറുന്നതെങ്കിൽ ഒരു ബോഗിയിൽ എത്ര കുട്ടികൾക്ക് കയറാം ?

☐ ÷ ☐ = ☐

## കളിവണ്ടി

അജലിന്റെ ക്ലാസിലെ 18 കുട്ടികൾ പാർക്കിലെ കളിവണ്ടിയിൽ കയറാൻ പോയി. ഒരു വണ്ടിയിൽ 3 പേർക്ക് കയറാം. ഒരേ സമയം എല്ലാവർക്കും കയറണമെങ്കിൽ എത്ര കളിവണ്ടി വേണം ?

☐ ÷ ☐ = ☐

2 പേർ വീതം കയറുന്ന കളിവണ്ടിയാണെങ്കിലോ ?

☐ ÷ ☐ = ☐

## കളിച്ച് ജയിക്കൂ...

പേജ് 145 ൽ കൊടുത്തിരിക്കുന്ന ഏണിയും പാമ്പും ബോർഡ് നോക്കൂ...

- ആദ്യം 1 എഴുതിയ കളത്തിൽ നിന്ന് തുടങ്ങണം.
- ഏണിയിൽ കയറിയും പാമ്പിൽ ഇറങ്ങിയും കളിക്കണം.
- ചില കളങ്ങളിൽ ക്രിയ നൽകിയിട്ടുണ്ട്. ഉത്തരമുള്ള കളത്തിലേക്ക് ബട്ടൺ നീക്കി വയ്ക്കണം.
- ആദ്യം 100 ൽ എത്തുന്ന ആളാണ് വിജയി.

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

**1. എത്രമിഠായി ?**

15 മിഠായി 3 കുട്ടികൾക്ക് തുല്യമായി കൊടുത്താൽ ഒരു കുട്ടിക്ക് എത്ര മിഠായി കിട്ടും ?

**2. ക്ലാസിലെ ബെഞ്ച്**

ഷിയാന്റെ ക്ലാസിൽ 28 കുട്ടികൾ ഉണ്ട്. ഒരു ബെഞ്ചിൽ 4 പേർ വീതമാണ് ഇരിക്കുന്നത്. ക്ലാസ്സിൽ എത്ര ബെഞ്ചുണ്ട് ?

**3. നോട്ടും നാണയവും**

ഒരു 50 രൂപ നോട്ട്, 5 രൂപ നാണയങ്ങളാക്കി മാറ്റിയാൽ എത്ര നാണയം കിട്ടും ?

- 10 രൂപ വീതം എത്ര പേർക്ക് കൊടുക്കാം ?

**4. വരിയും നിരയും**

81 കുട്ടികളെ വരിയിലും നിരയിലും ഒരേ എണ്ണം വരുന്ന വിധം നിർത്തി.

- വരിയിൽ എത്ര കുട്ടികൾ ?
- നിരയിൽ എത്ര കുട്ടികൾ ?

**5. മാന്ത്രികപ്പെട്ടി**

മാന്ത്രികപ്പെട്ടിയിൽ ഏതുസാധനം ഇട്ടാലും ഓരോ മിനിറ്റ് കഴിയുമ്പോഴും അതിന്റെ ഇരട്ടിയോട് 1 കൂടിക്കൊണ്ടിരിക്കും. ഒരു മിഠായി പെട്ടിയിലിട്ട് 4 മിനിറ്റ് കഴിഞ്ഞപ്പോൾ 31 മിഠായി ആയി. 3 മിനിറ്റ് കഴിഞ്ഞപ്പോൾ പെട്ടിയിൽ എത്ര മിഠായി ഉണ്ടായിരുന്നു ?

# 11

# കുപ്പിയിലെത്ര ?
# സഞ്ചിയിലെത്ര ?



## വെള്ളം കൈമാറിക്കളി

പേജ് 159 ലെ ചിത്രം നോക്കൂ...




ക്ലാസിൽ ജയിച്ച ഗ്രൂപ്പ്

ലേജുവിന്റെ ക്ലാസിലെ കുട്ടികൾ ഗ്രൂപ്പായിട്ടാണ് ഈ കളി കളിച്ചത്. കളിയുടെ അവസാനം ഓരോ ഗ്രൂപ്പിന്റെയും പാത്രത്തിൽ ഉണ്ടായിരുന്ന വെള്ളമാണ് ഗ്ലാസിൽ ഒഴിച്ചുവച്ചിരിക്കുന്നത്.




ലേജുവിന്റെ ക്ലാസിലെ ഏത് ഗ്രൂപ്പാണ് വിജയിച്ചത് ?

## വാട്ടർ ബെൽ




ഏറ്റവും കൂടുതൽ വെള്ളം നിറയ്ക്കാൻ കഴിയുന്ന വാട്ടർ ബോട്ടിൽ ആരുടേതാണ് ?

എത്ര ഗ്ലാസ് വെള്ളം നിറയ്ക്കാം ?

## കുപ്പിയിലെത്ര ?



1 2 3 4 5

- ഏത് കുപ്പിയിലാണ് ഏറ്റവും കൂടുതൽ വെള്ളം കൊള്ളുന്നത് ? കുപ്പിക്കു ചുറ്റും വട്ടം വരയ്ക്കുക.
- ഏറ്റവും കുറവ് വെള്ളം കൊള്ളുന്ന കുപ്പി ഏതാണ് ? കുപ്പിക്കു ചുറ്റും ചതുരം വരയ്ക്കുക.







## വാങ്ങുന്ന സാധനങ്ങൾ




നിങ്ങളുടെ വീട്ടിൽ ഒരു ലിറ്റർ അളവിൽ വാങ്ങുന്ന സാധനങ്ങൾ ഏതെല്ലാം ?

- 
- 
- 
- 
- 
- 

## അളക്കാം... നിറയ്ക്കാം...

ഇത്തരം അളവുപാത്രങ്ങൾ ഉപയോഗിച്ച് നിങ്ങളുടെ വാട്ടർ ബോട്ടിലിൽ എത്ര വെള്ളം നിറയ്ക്കാം എന്ന് നോക്കൂ.







## അളവുപാത്രം ഉണ്ടാക്കാം

ഒഴിഞ്ഞ കുപ്പികൾ ഉപയോഗിച്ച് അളവുപാത്രങ്ങളുടെ സഹായത്തോടെ 1 ലിറ്റർ, 500 മില്ലിലിറ്റർ, 200 മില്ലിലിറ്റർ അളവുപാത്രങ്ങൾ ഉണ്ടാക്കുക.
200 മില്ലിലിറ്റർ പാത്രത്തിൽ 100 മില്ലിലിറ്റർ, 50 മില്ലിലിറ്റർ എന്നീ അളവുകൾ കൂടി അടയാളപ്പെടുത്തൂ...




ഒരു ലിറ്ററിൽ കുറഞ്ഞ അളവിൽ വാങ്ങുന്ന സാധനങ്ങൾ ഏതെല്ലാം ? അവയുടെ അളവ് എഴുതൂ...

| സാധനം | അളവ് |
|---|---|
| പാൽ | 500 മില്ലിലിറ്റർ |
| | |
| | |
| | |
| | |



## എത്ര വെള്ളം ?

നിങ്ങൾ ഒരു ദിവസം എത്ര ഗ്ലാസ് വെള്ളം കുടിക്കുന്നുണ്ട് ? അളന്ന് പറയൂ...

നിങ്ങളുടെ അളവുപാത്രം ഉപയോഗിച്ച് വീട്ടിലെ വിവിധ പാത്രങ്ങളിൽ എത്ര വെള്ളം കൊള്ളുമെന്ന് ഊഹിച്ചും അളന്നും എഴുതൂ...



| പാത്രം | ഊഹം | അളവ് |
|---|---|---|
| ചായ ഗ്ലാസ് | | |
| കപ്പ് | | |
| ചായ ഉണ്ടാക്കുന്ന പാത്രം | | |
| ബക്കറ്റ് | | |
| മഗ് | | |
| ചോറ് വയ്ക്കുന്ന കലം | | |
| | | |
| | | |
| | | |
| | | |

## പാൽ സൊസൈറ്റി




ലേജുവിന്റെ അച്ഛൻ സൊസൈറ്റിയിൽ പാൽ കൊടുത്തു.
2 ലിറ്റർ പാത്രംകൊണ്ട് 2 തവണ പാൽ അളന്നു.

1 ലിറ്റർ പാത്രംകൊണ്ട് 1 തവണയും അളന്നു. ലേജുവിന്റെ അച്ഛൻ സൊസൈറ്റിയിൽ എത്ര ലിറ്റർ പാൽ കൊടുത്തു ?

- 2 ലിറ്റർ പാത്രം കൊണ്ട് 2 തവണ അളന്നാൽ ............... ലിറ്റർ
- 1 ലിറ്റർ പാത്രം കൊണ്ട് 1 തവണ അളന്നാൽ ............... ലിറ്റർ
- പാലിന്റെ അളവ്. ............... ലിറ്റർ

ലേജുവിന്റെ അച്ഛനുശേഷം പാൽ കൊടുത്തത് ജാനകിച്ചേച്ചിയായിരുന്നു. 1 ലിറ്റർ അളവുപാത്രം കൊണ്ട് 3 തവണയും 200 മില്ലിലിറ്റർ പാത്രം കൊണ്ട് 2 തവണയും പാൽ അളന്നൊഴിച്ചു. ജാനകിച്ചേച്ചി എത്ര ലിറ്റർ പാൽ കൊടുത്തു ?

.............. ലിറ്റർ .............. മില്ലിലിറ്റർ

- 1 ലിറ്റർ പാത്രം കൊണ്ട് 3 തവണ അളന്നാൽ ............... ലിറ്റർ
- 200 മില്ലിലിറ്റർ പാത്രം കൊണ്ട് 2 തവണ അളന്നാൽ ............... മി.ലി.
- പാലിന്റെ അളവ്. ..... ലിറ്റർ ..... മി.ലി.

പാലുവാങ്ങാൻ വന്ന ചായക്കടക്കാരൻ ബഷീറിന് 3 ലിറ്റർ പാൽ കൊടുത്തത് ലേജുവിന്റെ അച്ഛൻ കൊടുത്ത പാലിൽ നിന്നായിരുന്നു. ബാക്കി എത്ര പാലുണ്ട് ?

## ചെറിയ അളവ്

ചിത്രത്തിൽ കാണുന്ന ഉപകരണങ്ങൾ ഉപയോഗിക്കുന്ന സന്ദർഭങ്ങൾ എഴുതൂ...



- കഴിക്കാൻ മരുന്ന് എടുക്കുന്നത്
- കറിയിൽ ഉപ്പിടുന്നത്.
-
-
-
-
-
-

മരുന്നു കഴിക്കുന്ന സ്പൂണിൽ എത്ര മില്ലിലിറ്റർ മരുന്ന് കൊള്ളും ? അളന്ന് എഴുതൂ...

കുപ്പിയുടെ അടപ്പിൽ എത്ര വെള്ളം കൊള്ളും ? അളന്ന് എഴുതൂ...

## അത്തർ കച്ചവടം

ലേജുവിന്റെ അച്ഛന് അത്തർ കച്ചവടവുമുണ്ട്. മൊത്തക്കച്ചവടക്കാരിൽ നിന്നും അത്തർ വാങ്ങി 5 മില്ലിലിറ്റർ കുപ്പിയിൽ നിറച്ചാണ് കച്ചവടം ചെയ്യുന്നത്. 20 കുപ്പിയിൽ നിറയ്ക്കാൻ എത്ര അത്തർ വേണം ?

20 മില്ലിലിറ്റർ അത്തർ എത്ര കുപ്പിയിൽ നിറയ്ക്കാം ?

## സൂപ്പർമാർക്കറ്റ്







സൂപ്പർമാർക്കറ്റിലേക്കാവശ്യമായ അത്തർ വിതരണം ചെയ്യുന്നത് ലേജുവിന്റെ അച്ഛനാണ്. അച്ഛനൊപ്പം ലേജുവും സൂപ്പർമാർക്കറ്റിലെത്തി.

ഒരു കിലോഗ്രാം ഭാരം വരുന്ന എന്തെല്ലാം സാധനങ്ങൾ വീട്ടിൽ വാങ്ങാറുണ്ട് ?

- 
- 
- 
- 
- 






ലേജുവും അച്ഛനും സൂപ്പർമാർക്കറ്റിൽ നിന്നും വാങ്ങിയ സാധനങ്ങൾ

| | | | | | |
|---|---|---|---|---|---|
| അരി | - | 10 കിലോഗ്രാം | പഞ്ചസാര | - | 1 കിലോഗ്രാം |
| ആട്ട | - | 5 കിലോഗ്രാം | അരിപ്പൊടി | - | 2 കിലോഗ്രാം |
| റവ | - | 2 കിലോഗ്രാം | ചെറുപയർ | - | 1 കിലോഗ്രാം |







സൂപ്പർ മാർക്കറ്റിൽ നിന്നുവാങ്ങിയ സാധനങ്ങളുടെ ഭാരം

................. കിലോഗ്രാം

## എന്തൊരുഭാരം!




ക്ലാസ് മുറിയിൽ നിങ്ങൾക്ക് തനിയെ ഉയർത്താനാകുന്ന വസ്തുക്കൾ ഏതൊക്കെയാണ്? ഉയർത്താനാകാത്തതോ?

| ഉയർത്താനാകുന്ന വസ്തുക്കൾ | ഉയർത്താനാകാത്ത വസ്തുക്കൾ |
|---|---|
| | |



## അളന്നുനോക്കാനെന്തൊക്കെ ?




















## അളന്നു നോക്കിയാലോ ?

| എന്റെ ബാഗിന്റെ ഭാരം | | സുഹൃത്തിന്റെ ബാഗിന്റെ ഭാരം | |
|---|---|---|---|
| ഊഹം | അളന്നുകണ്ടെത്തിയത് | ഊഹം | അളന്നുകണ്ടെത്തിയത് |
| | | | |

| എന്റെ ഭാരം | | സുഹൃത്തിന്റെ ഭാരം | |
|---|---|---|---|
| ഊഹം | അളന്നുകണ്ടെത്തിയത് | ഊഹം | അളന്നുകണ്ടെത്തിയത് |
| | | | |

## ആരോഗ്യ ചാർട്ട്

ക്ലാസിലുള്ളവരുടെ വിവരങ്ങൾ കണ്ടെത്തി ചാർട്ട് പൂർത്തിയാക്കൂ.

| ആൺകുട്ടികൾ | | | | പെൺകുട്ടികൾ | | | |
|---|---|---|---|---|---|---|---|
| പേര് | വയസ്സ് | ഉയരം സെന്റിമീറ്റർ | ഭാരം കിലോഗ്രാം | പേര് | വയസ്സ് | ഉയരം സെന്റിമീറ്റർ | ഭാരം കിലോഗ്രാം |
| | | | | | | | |

കുടുംബാരോഗ്യകേന്ദ്രത്തിലെ ചാർട്ടുപ്രകാരം 7, 8, 9 വയസ്സ് പ്രായത്തിലുള്ളവർക്ക് ഉണ്ടാകേണ്ട ഉയരവും ഭാരവുമാണ് പട്ടികയിൽ.

| ആൺകുട്ടികൾ | | | പെൺകുട്ടികൾ | | |
|---|---|---|---|---|---|
| വയസ്സ് | ഉയരം സെന്റിമീറ്ററിൽ | ഭാരം കിലോഗ്രാമിൽ | വയസ്സ് | ഉയരം സെന്റിമീറ്ററിൽ | ഭാരം കിലോഗ്രാമിൽ |
| 7 | 122 | 23 | 7 | 121 | 22 |
| 8 | 127 | 26 | 8 | 126 | 25 |
| 9 | 133 | 28 | 9 | 133 | 28 |

നിങ്ങളുടെ ക്ലാസിലെ കൂട്ടുകാരുടെ ഭാരവും ഉയരവും മുകളിൽ തന്ന ചാർട്ടിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി ഒരു കുറിപ്പ് തയ്യാറാക്കൂ...

## ഭക്ഷണക്കിറ്റ്



ലേജുവിന്റെ വീടിനടുത്തുള്ള പുഞ്ചിരി ക്ലബ്ബ് ഓണത്തിന് വിതരണം ചെയ്ത കിറ്റിലുൾപ്പെടുത്തിയ വിവിധ സാധനങ്ങളും അവയുടെ ഭാരവും ആണ് താഴെ പട്ടികയിൽ.

| | | | |
|---|---|---|---|
| തേയില | 100 ഗ്രാം | മഞ്ഞൾ പൊടി | 100 ഗ്രാം |
| പഞ്ചസാര | 1 കിലോഗ്രാം | വെളിച്ചെണ്ണ | 1 കിലോഗ്രാം |
| കശുവണ്ടിപ്പരിപ്പ് | 40 ഗ്രാം | പച്ചരി | 500 ഗ്രാം |
| നെയ്യ് | 50 ഗ്രാം | ചെറുപയർ | 500 ഗ്രാം |
| ഏലയ്ക്ക | 10 ഗ്രാം | തുവരപ്പരിപ്പ് | 200 ഗ്രാം |
| ശർക്കരവരട്ടി | 50 ഗ്രാം | ഉപ്പ് | 1 കിലോഗ്രാം |
| മുളകുപൊടി | 500 ഗ്രാം | ഏത്തയ്ക്ക ചിപ്സ് | 250 ഗ്രാം |

- 1 കിലോഗ്രാം ഭാരമുള്ള എത്ര സാധനങ്ങൾ കിറ്റിലുണ്ട്? ☐
  അവയുടെ ഭാരം എത്രയാണ്? ☐

- 1 കിലോഗ്രാമിൽ കുറവ് ഭാരമുള്ള ഏതെല്ലാം സാധനങ്ങൾ കിറ്റിലുണ്ട് ?




## വിലയിരുത്തൽ പ്രവർത്തനങ്ങൾ

**1. എത്ര കുപ്പി ?**

ഒരു പലചരക്ക് കടയിൽ 10 ലിറ്റർ വെളിച്ചെണ്ണ സ്റ്റോക്കുണ്ട്. ഇത് ഒരു ലിറ്റർ കുപ്പികളിൽ നിറയ്ക്കാൻ എത്ര കുപ്പി വേണം ?
രണ്ട് ലിറ്ററിന്റെ കുപ്പിയാണെങ്കിലോ ?

**2. ലേജുവിന്റെ വീട്**

ലേജുവിന്റെ വീട് പെയിന്റ് ചെയ്യണം. വാങ്ങിയ പെയിന്റിന്റെ അളവ് ചുവടെ കൊടുക്കുന്നു.

| പെയിന്റിന്റെ നിറം | അളവ് |
|---|---|
| വെള്ള | 20 ലിറ്റർ |
| പച്ച | 5 ലിറ്റർ |
| മഞ്ഞ | 5 ലിറ്റർ |
| വയലറ്റ് | 1 ലിറ്റർ |
| നീല | 2 ലിറ്റർ |

ആകെ എത്ര പെയിന്റ് വാങ്ങി ?

**3. ഗ്യാസ് സിലിണ്ടർ**



ഗ്യാസ് നിറച്ച ഒരു സിലിണ്ടറിന്റെ ഭാരം 29 കിലോ ഗ്രാമാണ്. ഒഴിഞ്ഞ സിലിണ്ടറിന്റെ ഭാരം 15 കിലോ ഗ്രാമാണ്. സിലിണ്ടറിനുള്ളിലുള്ള ദ്രാവകത്തിന്റെ ഭാരം എത്രയാണ് ?

പകുതി ഗ്യാസുള്ളപ്പോൾ സിലിണ്ടറിന്റെ ആകെ ഭാരമെത്രയാണ് ?

**4. എണ്ണ അളക്കാം**

500 മില്ലിലിറ്റർ എണ്ണ വേണം. 200 മില്ലിലിറ്റർ, 100 മില്ലിലിറ്റർ അളവ് പാത്രങ്ങൾ ആണുള്ളത്. ഇവ ഉപയോഗിച്ച് 500 മില്ലിലിറ്റർ എണ്ണ എങ്ങനെയൊക്കെ അളക്കാം ?

**5. എങ്ങനെ അളക്കാം** ?

500 മില്ലിലിറ്റർ, 200 മില്ലിലിറ്റർ അളവ് പാത്രങ്ങളാണ് ഉള്ളത്. ഇവ ഉപയോഗിച്ച് 100 മില്ലിലിറ്റർ അളക്കുന്നതെങ്ങനെ ?

**6. ഗണിതലാബ്**

ഗണിതലാബിലേക്ക് 4 തൂക്കക്കട്ടികൾ ഉണ്ടാക്കി.

4 കട്ടികളുടെയും ആകെ ഭാരം 15 കിലോഗ്രാം ആണ്. ഈ കട്ടികൾ ഉപയോഗിച്ച് 1 മുതൽ 15 കിലോഗ്രാം വരെയുള്ള ഭാരം അളക്കാം. ഓരോ തൂക്കക്കട്ടിയുടെയും ഭാരമെത്രയാണ് ?

14 കിലോഗ്രാം ഭാരം കണക്കാക്കുന്നതെങ്ങനെ ?

7 കിലോഗ്രാം അളക്കുന്നതോ ?

## 12

# ഒറ്റനോട്ടത്തിൽ



## ഫ്രൂട്ട് സാലഡ്

ഫ്രൂട്ട് സാലഡ് ഉണ്ടാക്കുന്നതിനായി മിലന്റെ ക്ലാസിലെ കുട്ടികൾ പഴങ്ങൾ കൊണ്ടുവന്നു.




പഴങ്ങൾ തരംതിരിച്ചത് നോക്കൂ.



| പഴം |  |  |  |  |  |  |
|---|---|---|---|---|---|---|
| എണ്ണം | | | | | | |

- ഏത് തരം പഴമാണ് കൂടുതലുള്ളത് ?




- ഒരെണ്ണം മാത്രമുള്ള പഴം ഏതാണ് ?

- ഒരേ എണ്ണമുള്ള പഴങ്ങൾ ഏതെല്ലാം ?

- പൈനാപ്പിളിനേക്കാൾ എത്ര എണ്ണം കൂടുതലാണ് പേരയ്ക്ക ?

- മാങ്ങയേക്കാൾ കൂടുതലുള്ള പഴങ്ങൾ ഏതെല്ലാം ?

സ്കൂളിലെ അടുക്കളയിൽ നിന്ന് പാത്രങ്ങളെടുത്ത് അവർ ഫ്രൂട്ട് സാലഡ് ഉണ്ടാക്കി എല്ലാവർക്കും കൊടുത്തു.

നിങ്ങളും ഫ്രൂട്ട് സാലഡ് ഉണ്ടാക്കൂ... അടുക്കളയിൽ നിന്ന് ഏതെല്ലാം പാത്രങ്ങൾ എടുത്തു ? പട്ടികയിൽ എഴുതൂ.

| | | | | |
|---|---|---|---|---|
| ഇനം |  |  |  |  |
| എണ്ണം | | | | |

| | | | | |
|---|---|---|---|---|
| ഇനം |  | | | |
| എണ്ണം | | | | |

## എന്റെ വീട്ടിൽ

എന്റെ വീട്ടിലെ പാത്രങ്ങളുടെ എണ്ണം.

| | | | | |
|---|---|---|---|---|
| ഇനം |  |  |  |  |
| എണ്ണം | | | | |

| | | | | |
|---|---|---|---|---|
| ഇനം |  |  |  | |
| എണ്ണം | | | | |

## പലഹാരങ്ങൾ

മിലൻ പാത്രങ്ങളുടെ എണ്ണം നോക്കാൻ അടുക്കളയിൽ പോയി. അമ്മ അവന്റെ ഇഷ്ടപലഹാരമായ ഉണ്ണിയപ്പം ഉണ്ടാക്കുകയാണ്.




മിലൻ ഉണ്ണിയപ്പവുമായി ക്ലാസിലെത്തി.



നിങ്ങളുടെ ക്ലാസ്സിലെ മുഴുവൻ കൂട്ടുകാരുടെയും ഇഷ്ടപലഹാരം ചോദിച്ചറിയൂ... ഓരോ പലഹാരവും ഇഷ്ടപ്പെടുന്നവരുടെ എണ്ണം ചിത്രരൂപത്തിൽ പട്ടികപ്പെടുത്തുക.



| പലഹാരം | എണ്ണം |
|---|---|
| • ഇലയട | |
| • നെയ്യപ്പം | |
| • ഉഴുന്നുവട | |
| • ബോണ്ട | |
| • ഉണ്ണിയപ്പം | |
| • പരിപ്പുവട | |
| • ഉള്ളിവട | |
| • |  |
| • | |

ഏറ്റവും കൂടുതൽ പേർ ഇഷ്ടപ്പെട്ട പലഹാരം ഏതാണ്? ☐

എത്ര പേർ? ☐

ഉഴുന്നുവട ഇഷ്ടപ്പെടുന്നവർ എത്ര പേരാണ്? ☐

ആർക്കും ഇഷ്ടമില്ലാത്ത പലഹാരം ഏതാണ്? ☐

ഇങ്ങനെ ചില ചോദ്യങ്ങൾ എഴുതൂ... കൂട്ടുകാരോട് ചോദിക്കൂ...

- 
- 
- 
- 

## കളിവാഹനങ്ങൾ

മിലന് പിറന്നാൾ സമ്മാനമായി കളിപ്പാട്ടം വാങ്ങാൻ അവർ കടയിലെത്തി. കളിവാഹനങ്ങൾ നിരത്തിവച്ചിരിക്കുന്നത് കണ്ടു. ചിത്രം നോക്കൂ......



ഓരോ വാഹനത്തിന്റെയും എണ്ണം വരച്ചു ചേർക്കൂ....
എണ്ണം എഴുതൂ.

| | ചിത്രം | എണ്ണം |
|---|---|---|
|  | | |
|  | | |
|  | | |
|  | | |
|  | | |
|  | | |

ഏതുവാഹനമാണ് എറ്റവും കുറവ് ?

ഒരേ എണ്ണമുള്ള വാഹനങ്ങൾ ഏതൊക്കെയാണ് ?

എന്റെ ചോദ്യങ്ങൾ

- 
- 
- 
- 
- 

## എന്തെല്ലാം കാണാം ?

നിങ്ങളുടെ സ്കൂൾ കെട്ടിടം നോക്കൂ... ജനൽ, വാതിൽ, ബോർഡ്, സ്വിച്ച് ബോർഡ്, ഫാൻ, ലൈറ്റ് എന്നിങ്ങനെ എന്തെല്ലാം കാണാം? അത് പട്ടികയിലാക്കൂ.

| ഇനം | എണ്ണം ചിത്രത്തിലൂടെ | എണ്ണം |
|---|---|---|
| ജനൽ | | |
| വാതിൽ | | |
| ബോർഡ് | | |
| സ്വിച്ച്ബോർഡ് | | |
| ഫാൻ | | |
| ലൈറ്റ് | | |

എന്റെ ചോദ്യങ്ങൾ

- 
- 

## ചിത്രവായന

പേജ് 173 ലെ ചിത്രം നോക്കൂ... ചിത്രത്തിൽ എന്തെല്ലാം ജീവികൾ ? പട്ടികയിൽ എഴുതൂ.

| പേര് | എണ്ണം |
|---|---|
| കുരങ്ങ് | |
| | |
| | |
| | |
| | |
| | |
| | |
| | |

എന്റെ ചോദ്യങ്ങൾ

- 
- 
- 
- 

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

### എത്ര കുട്ടികൾ ?

മിലന്റെ സ്കൂളിലെ കുട്ടികളുടെ വിവരമാണ് ചുവടെ:

| ക്ലാസ് | ആൺകുട്ടികളുടെ എണ്ണം | പെൺകുട്ടികളുടെ എണ്ണം |
|---|---|---|
| I | 15 | 19 |
| II | 20 | 20 |
| III | 19 | 22 |
| IV | 20 | 17 |

- ഏറ്റവും കൂടുതൽ പെൺകുട്ടികൾ ഏത് ക്ലാസിലാണ് ?

- ഏറ്റവും കൂടുതൽ കുട്ടികൾ ഉള്ളത് ഏത് ക്ലാസിലാണ് ?

നാലാം ക്ലാസിലെ ആൺകുട്ടികളുടെ എണ്ണത്തേക്കാൾ എത്ര കുറവാണ് ഒന്നാം ക്ലാസിലെ ആൺകുട്ടികളുടെ എണ്ണം ?

ഒരേ എണ്ണം ആൺകുട്ടികൾ ഉള്ളത് ഏതൊക്കെ ക്ലാസുകളിലാണ് ?

മിലന്റെ സ്കൂളിലെ

ആൺകുട്ടികളുടെ എണ്ണം ?

പെൺകുട്ടികളുടെ എണ്ണം ?

ആകെ കുട്ടികളുടെ എണ്ണം ?

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


ബന്ധപ്പെടേണ്ട വിലാസം:

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***